Draft #28 of File 17152/ADA1 SO/2020/AD A1 Approved by JOINT REGISTRAR I (ADMIN) on 05-Aug-2020 04:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: കോവിഡ് 19 - നിർവ്യാപന പ്രവർത്തനങ്ങൾ - സർവ്വകലാശാല പഠനവകുപ്പുകളുടെ പ്രവർത്തനം - മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3567/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.08.2020

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 3558/AD A1/2020/എം.ജി.യു. തീയതി 04.08.2020.
2. വൈസ് ചാൻസലറുടെ 05.08.2020 തീയതിയിലെ കുറിപ്പ് നം. വി.സി./702/2/118/2020.

**<u>ഉത്തരവ്</u>**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സർവ്വകലാശാല സ്ഥിതി ചെയ്യുന്ന അതിരമ്പുഴ പഞ്ചായത്തിലെ പത്താം വാർഡ് കണ്ടെയിൻമെൻറ് സോൺ ആയി പ്രഖ്യാപിച്ചതിൻറെ അടിസ്ഥാനത്തിൽ സർവ്വകലാശാല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻറെ തുടർച്ചയായി, സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യയനം തടസ്സമില്ലാതെ മുൻപോട്ട് കൊണ്ടുപോകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകർ നിലവിൽ നടന്നുകൊണ്ടിരുന്ന രീതിയിൽ തന്നെ ഓൺലൈൻ ക്ലാസ്സുകൾ തങ്ങളുടെ വീടുകളിൽ നിന്നും തുടരേണ്ടതാണ്.
2. പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവിൻറെ അടിസ്ഥാനത്തിൽ, പഠന വകുപ്പുകളിൽ ക്രമീകരണങ്ങൾ നടത്തുന്നതിന് പഠന വകുപ്പ് അദ്ധ്യക്ഷന്മാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. പഠന വകുപ്പ് അദ്ധ്യക്ഷന്മാരുടെ അഭാവത്തിൽ പഠന വകുപ്പിലെ സിനിയർമോസ്റ്റ് പ്രൊഫസർ ഇത്തരം ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

കോമളവല്ലി കെ

ജോയിന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ